മലയാള മനോരമ

# യൂണിയനുകളുടെ എതിർപ്പ് നീങ്ങി; കേരളത്തിൽ നീര ഉൽപാദിപ്പിക്കും

**ആദ്യഘട്ടത്തിൽ വ്യാപക തോതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ**

തിരുവനന്തപുരം ● കേരളം നീര ഉൽപാദനരംഗത്തേക്ക്. ചെത്തു തൊഴിലാളി സംഘടനകളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ നീര ഉൽപാദനത്തിനു തയാറാണെന്നു തൊഴിലാളി യൂണിയനുകൾ വ്യക്തമാക്കി. തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ വ്യാപകതോതിൽ നീര ഉൽപാദിപ്പിക്കുക. മറ്റു ജില്ലകളിലും ആദ്യഘട്ടത്തിൽ ഓരോ കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷനു നീര ഉൽപാദിപ്പിക്കാൻ അനുമതി നൽകും.

നീര ഉൽപാദക സൊസൈറ്റികളിൽ ചെത്തുതൊഴിലാളികൾക്കു പ്രഥമ പരിഗണന നൽകും. ചെത്തുതൊഴിലാളികൾക്കും പുതിയ തൊഴിലാളികൾക്കും നീര ഉൽപാദനത്തിനു നാളികേര വികസന ബോർഡ് പരിശീലനം നൽകും. നീര-കള്ള് വ്യവസായ ബോർഡ് രൂപവൽക്കരിക്കണമെന്ന തൊഴിലാളി യൂണിയനുകളുടെ ആവശ്യം സർക്കാർ സജീവമായി പരിഗണിക്കുമെന്നു ചർച്ചയിൽ മന്ത്രി കെ. ബാബു ഉറപ്പു നൽകി.

അബ്കാരി നിയമത്തിനു കീഴിൽ തന്നെയായിരിക്കും നീര ഉൽപാദനം. എന്നാൽ, നിയമത്തിലെ നീര ഉൽപാദനച്ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തും. കള്ള് ഉൽപാദനത്തിലേതുപോലെ വൃക്ഷക്കരം ഈടാക്കില്ല. എന്നാൽ, നീര ഉൽപാദനത്തിന് എക്സൈസ് വകുപ്പിന്റെ അനുമതി വേണം. കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികൾ രൂപവൽക്കരിക്കാൻ നാളികേര വികസന ബോർഡ് നേതൃത്വം നൽകും. 10 മുതൽ 25 വരെ സൊസൈറ്റികളെ ഉൾപ്പെടുത്തി ഫെഡറേഷനുകൾക്കു രൂപം നൽകും. ഫെഡറേഷനുകൾക്കാണ് നീര ഉൽപാദനത്തിന്റെയും സംഭരണത്തിന്റെയും ചുമതല.

വരുമാനം കുറഞ്ഞു പ്രതിസന്ധിയിലായ കേരകർഷകരെ രക്ഷിക്കാൻ കേരളത്തിൽ വൻവിപണനസാധ്യതയുള്ള നീരയുടെ ഉൽപാദനം ഉടൻ തുടങ്ങണമെന്നും സർക്കാരിനും കേര കർഷകർക്കും നീര വൻ വരുമാനമാർഗമാകുമെന്നും സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സർക്കാരിനു റിപ്പോർട്ട് നൽകിയിരുന്നു.